സി.എഫ്.എൽ. ബൾബ് നിർമ്മാണയൂണിറ്റ്

109 [2601] ശ്രീ. ബേബി ജോൺ:

, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ ഒരു സി.എഫ്.എൽ. ബൾബ് നിർമ്മാണ യൂണിറ്റ് തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഇതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി കെ.ആർ.ഇ.ഡബ്ളിയു.എസ്.-ഉം സ്വാകാര്യ സംരംഭകരുമായി ചേർന്നാണോ പ്രവർത്തനം ആരംഭിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ സീതാംഗോളി എന്ന സ്ഥലത്ത് കിൻഫ്രയുടെ അധീനതയിലുള്ള സ്മോൾ ഇൻഡസ്ട്രീസ് പാർക്കിൽ സ്ഥലം പാട്ടത്തിന് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതു സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

ചേരി നിർമ്മാർജ്ജന പദ്ധതിപ്രകാരം ലഭിച്ച തുക

110 [2602] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേരി നിർമ്മാർജ്ജന പദ്ധതി പ്രകാരം സംസ്ഥാനത്തിന് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം എത്രകോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്;

(ബി) പ്രസ്തുത തുക ഏതെല്ലാം പ്രദേശങ്ങളിൽ എന്തെല്ലാം ആവശ്യത്തിന് വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്രത്തിൽനിന്നും ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിനിയോഗിക്കാതിരിക്കാൻ കാരണം വെളിപ്പെടുത്തുമോ;

(ഡി) ഇതേ കാലയളവിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയ ചേരി വികസന പദ്ധതി മുഖേന 2001-02 വർഷം 1025 ലക്ഷം രൂപയും, 2002-03 വർഷം 972 ലക്ഷം രൂപയും 2003-04 വർഷം 972 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly